LIBRARY ARCHIVES Kerala Legislative Assembly

മത്സ്യത്തൊഴിലാളി മേഖലയിൽ പ്രത്യേക പാക്കേജ്

23 (*503) ശ്രീ. സി. ആർ. മഹേഷ്:

ശ്രീ. എം. വിൻസെന്റ്:

ശ്രീ. ടി. ജെ. വിനോദ്:

ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രകൃതി ദുരന്തങ്ങളും കടൽക്ഷോഭവും കൂടിവരുന്ന സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികൾക്ക് നിരവധി ദിവസങ്ങളിൽ കടലിൽ പോകാൻ സാധിക്കാത്തതായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) സർക്കാർ മുന്നറിയിപ്പുകാരണം കടലിൽ പോകാൻ സാധിക്കാത്ത ദിവസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് ദിവസവേതനമായി നിശ്ചിത തുക നൽകാൻ തയ്യാറാകുമോയെന്ന് അറിയിക്കുമോ?

2020-21-ൽ കോവിഡ്-19, കാലാവസ്ഥാ മുന്നറിയിപ്പ് എന്നിവയാൽ ജീവനോപാധി നഷ്ടപ്പെട്ട കടൽ, ഉൾനാടൻ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് അടിയന്തര ധനസഹായമായി 2,000 രൂപ വീതവും അനുബന്ധത്തൊഴിലാളികൾക്ക് 1,000 രൂപ വീതവും നൽകുന്നതിനായി 36.126 കോടി രൂപ അനുവദിക്കുകയും ആയത് 207104 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വിതരണം ചെയ്യുകയും ചെയ്തു. ടൗട്ടേ ചുഴലിക്കാറ്റ് മുന്നറിയിപ്പിനെത്തുടർന്ന് കടൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തിയിരുന്ന 6 ദിവസത്തേയ്ക്കുള്ള ധനസഹായം ഒരു കുടുംബത്തിന് 1,200 രൂപ നിരക്കിൽ തിട്ടപ്പെടുത്തി 18.36 കോടി രൂപ അനുവദിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 240211 മത്സ്യത്തൊഴിലാളികൾക്കും 84531 അനുബന്ധ മത്സ്യത്തൊഴിലാളികൾക്കും 1,000 രൂപ നിരക്കിൽ നൽകുന്നതിനായി 32.47 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി വിതരണം ചെയ്തുവരുന്നു. കോവിഡ്-19-ന്റെ രണ്ടാം തരംഗത്തിന്റെയും ടൗട്ടേ ചുഴലിക്കാറ്റിന്റെ പ്രഭാവത്തിലുണ്ടായ പേമാരിയുടെയും പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്ക് ഭക്ഷ്യ ഇനങ്ങൾ, മാസ്ക്, സാനിറ്റൈസർ എന്നിവ ഉൾപ്പെടുന്ന 20 ഇനങ്ങളുടെ കിറ്റ് സിവിൽ സപ്ലൈസ് മുഖേന റേഷൻ കടകൾ വഴി മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് നൽകിയിട്ടുണ്ട്. 122377 കടൽ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭക്ഷ്യക്കിറ്റ് വിതരണം ചെയ്തിട്ടുണ്ട്.

(സി) കോവിഡിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളി മേഖലയിലെ ജനങ്ങൾക്ക് പ്രത്യേക പാക്കേജ് നടപ്പിലാക്കാൻ തയ്യാറാകുമോ; വിശദമാക്കാമോ?

കോവിഡിന്റെ പശ്ചാത്തലത്തിൽ പ്രത്യേക പാക്കേജ് നിലവിൽ പരിഗണനയിലില്ല.

വനഭൂമി സംരക്ഷിക്കാൻ നടപടി

24 (*504) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) ജൈവവൈവിദ്ധ്യങ്ങളുടെ കലവറയായ സംസ്ഥാനത്തെ വനമേഖലകൾ സംരക്ഷിക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്തെ വനമേഖലകൾ സംരക്ഷിക്കുവാൻ വനാതിർത്തികളിൽ ജണ്ട കെട്ടി സംരക്ഷിക്കൽ പ്രവൃത്തികൾ കൂടുതൽ ഊർജ്ജിതമാക്കിയിട്ടുണ്ട്. കൂടുതൽ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ച് വനമേഖലയിൽ ശക്തമായ പട്രോളിംഗ് നടത്തിവരുന്നുണ്ട്. വനം കുറ്റകൃത്യങ്ങളിൽ കുറ്റക്കാർക്കെതിരെ ശക്തമായ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. ശോഷണം സംഭവിച്ച വനഭാഗങ്ങളിൽ ശോഷിക്കപ്പെട്ട വനങ്ങളുടെ പുനരുജ്ജീവനം, പ്രകൃതിദത്ത വനങ്ങളുടെ സഹായ വനവൽക്കരണം എന്നീ പദ്ധതികളിലൂടെ പുനരുജ്ജീവിപ്പിച്ച് സ്വാഭാവിക വനങ്ങളാക്കി മാറ്റുന്നതിനുള്ള ഇക്കോ റെസ്റ്റോറേഷൻ നടപടി സ്വീകരിച്ചു വരുന്നുണ്ട്. വനപരിപാലനത്തിനും വനസമ്പത്ത് കാത്ത് സൂക്ഷിക്കുന്നതിനും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ, പ്ലാന്റേഷനുകൾ നട്ടുപിടിപ്പിക്കലും അവയുടെ സംരക്ഷണ പ്രവർത്തനങ്ങളും കൂടാതെ മണ്ണൊലിപ്പ് തടയുന്നതിനും ജല സംരക്ഷണത്തിനുള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. അധിനിവേശ സസ്യങ്ങളെ ഒഴിവാക്കി തദ്ദേശീയ വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചും പുൽമേടുകൾ സംരക്ഷിച്ചും ജൈവവൈവിദ്ധ്യ സംരക്ഷണം ഉറപ്പാക്കുന്നുണ്ട്. വനപ്രദേശങ്ങളിലെ നീരുറവകൾ വറ്റിപ്പോകുന്നത് തടയുവാനും വന്യജീവികൾക്ക് ജലലഭ്യത ഉറപ്പാക്കുവാനും കുളങ്ങൾ, തടയണകൾ എന്നിവ നിർമ്മിക്കുകയും ജലസ്രോതസ്സുകളിൽ മാലിന്യവും ചെളിയും നീക്കി സംരക്ഷിച്ചും വനങ്ങളെ പുഷ്ടിപ്പെടുത്തി വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly